**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5111** **20-07-2022 - ൽ മറുപടിയ്ക്ക്**

**ബേപ്പൂർ തുറമുഖം അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ കെ ആൻസലൻ** | | **ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | ബേപ്പൂർ തുറമുഖത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തി രാജ്യത്തെ മികച്ച തുറമുഖങ്ങളിലൊന്നായി മാറ്റുന്നതിനും മലബാറിന്റെ വ്യാപാര, വ്യവസായ, വാണിജ്യ, വിനോദസഞ്ചാര മേഖലകളിൽ വൻ മുന്നേറ്റമുണ്ടാക്കുന്നതിനുമായി പ്രത്യേക പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതി നിർദ്ദേശങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ബേപ്പൂർ തുറമുഖത്തേക്ക് വലിയ കപ്പലുകൾ ആകർഷിക്കുന്നതിനുവേണ്ടി ഷിപ്പിംഗ് ചാനലിന്റെ ആഴം കൂട്ടുന്നതിന് ക്യാപ്പിറ്റൽ ഡ്രഡ്ജിംഗ് നടത്തുന്ന തിനുള്ള ശുപാർശ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള വാർഫിന്റെ നീളം വർദ്ധിപ്പിക്കുന്ന പദ്ധതിയുടെ ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചുവരുന്നു. കൂടാതെ ബേപ്പൂർ തുറമുഖത്തെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്നതിനുള്ള റെയിൽ കണക്റ്റിവിറ്റി പ്രോജക്ടിന്റെ TEFR പരിശോധിച്ചുവരുന്നു. |
| (ബി) | ബേപ്പൂർ തുറമുഖത്തേയും ദേശീയ പാതയേയും ബന്ധപ്പെടുത്തി നാലുവരിപ്പാതയും മംഗലാപുരം, കോഴിക്കോട്, ഷൊർണ്ണൂർ റെയിൽ പാതയേയും തുറമുഖത്തേയും കൂട്ടിയിണക്കുന്ന റെയിൽ പാതയും പദ്ധതി നിർദ്ദേശങ്ങളിൽ ഉൾപ്പെടുന്നുണ്ടോ; | (ബി) | ബേപ്പൂർ തുറമുഖത്തെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്നതിനും റെയിൽവേ പാതയുമായി ബന്ധിപ്പിക്കുന്നതിനും ഡി. പി. ആർ സമർപ്പിക്കുന്നതിനുവേണ്ടി ഐ. പി. ആർ. സി. എൽ-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ പൊതു വികസന മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുവെന്ന് വിശദമാക്കാമോ? | (സി) | പ്രസ്തുത പദ്ധതികൾ പ്രാവർത്തികമാക്കുന്നതോടെ ബേപ്പൂർ തുറമുഖത്തിലെ ചരക്ക് ഗതാഗതം വർദ്ധിപ്പിക്കുന്നതിനും ആയതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും മലബാർ മേഖലയിലെ വ്യാപാര വ്യവസായ രംഗത്ത് മാറ്റങ്ങൾ സൃഷ്ടിക്കാനും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ